# Siraj

# 31 July 2018

# Muvattupuzha, Flood Victims, Relief Supplies



## വെള്ളപ്പൊക്ക ദുരിതബാധിതർക്ക് അരി വിതരണം ചെയ്തു

**മൂവാറ്റുപുഴ:** പായിപ്ര ഗ്രാമപഞ്ചായത്തിൽ വെള്ളപ്പൊക്കത്തെ തുടർന്ന് ദുരിതമനുഭവിക്കുന്നവർക്ക് അരി വിതരണം ചെയ്തു. പായിപ്ര പഞ്ചായത്തിലെ എട്ട്, ഒമ്പത് വാർഡുകളിൽ വെള്ളപൊക്കത്തെ തുടർന്ന് ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് എൽദോ എബ്രഹാം എം എൽ എ അഞ്ച് കിലോ അരി വിതരണം ചെയ്തത്. പെരുമറ്റത്ത് നടന്ന ചടങ്ങിൽ എൽദോ എബ്രഹാം എം എൽ എ അരിവിതരണം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ആലീസ് കെ ഏലിയാസ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് എം പി ഇബ്രാഹിം, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുറുമി ഉമ്മർ, വാർഡ് മെമ്പർ പി എം അബുബക്കർ, മുൻപഞ്ചായത്ത് വൈസ് പ്രസിഡന്റ് യു പി വർക്കി, മുഹമ്മദ് താഴ്ത്തകുടി, പി വി ജോയി, ഇ കെ ഷാജി, കെ പി അനസ്, കെ പി ഫസൽ, എന്നിവർ സംബന്ധിച്ചു.